**18U437** (Pages: 2) Name: ……………………

Reg. No…………………..

**FOURTH SEMESTER B.A/B.Sc./B.S.W. DEGREE EXAMINATION, APRIL 2020**

(CUCBCSS-UG)

(Regular/Supplementary/Improvement)

**CC15U MAL4 A10/CC17U MAL4 A10 - മലയാളസാഹിത്യം IV**

(Malayalam - Common Course)

(2015 Admission onwards)

Time: Three Hours Maximum: 80 Marks

I. ഒന്നു മുതൽ പത്തുവരെയുള്ള ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1. രാജാങ്കണം ആരുടെ രചനയാണ്?
2. അയ്യങ്കാളിയെ 'പുലയരാജാവ്' എന്നു വിശേഷിപ്പിച്ചതാര്?
3. എസ്.ഗുപ്തൻനായരുടെ ആത്മകഥയാണ് _________?
4. കാണികളുടെ ഇടയിൽ ഗോത്രത്തലവൻ അറിയപ്പെട്ടിരുന്നത് _________ എന്നപേരിലായിരുന്നു ?
5. യന്ത്രവിവർത്തനത്തിനു വേണ്ടി പ്രവർത്തിച്ച ആദ്യത്തെയാളായിരുന്നു _________?
6. Flexible Stability യുടെ മലയാളവിവർത്തനമെന്ത്?
7. 'ആത്മാവിന്മേൽ പറ്റിപ്പിടിച്ചുനില്ക്കുന്ന തൊപ്പകളെല്ലാം പറിച്ചുനീക്കൂ. അപ്പോൾ കാണാം ജന്മനാ ഏതു മനുഷ്യനും നല്ലവനാണ്' – ആരുടേതാണ് ഈ വാക്കുകൾ ?
8. 'മലയാളം മലയാളികളോളം' എന്ന ഗ്രന്ഥത്തിന്റെ രചയിതാവാര്?
9. 'പെർഫക്ട് ജന്റിൽമാൻ' എന്ന് കരിംബോയി ആരെയാണ് വിശേഷിപ്പിച്ചത്?
10. 'കേരളപാണിനി' എന്ന് അറിയപ്പെടുന്നതാര്?

**(10 x ½ = 5 Marks)**

II. താഴെത്തന്നിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഒന്നോരണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

11. കലയിലെ സാമാന്യവും വിശേഷവും പരസ്പര പൂരകമായിരിക്കുന്നതെങ്ങനെ?
12. പുതുശൈലികളും ചൊല്ലുകളും രൂപപ്പെടുന്നതിന് കാരശ്ശേരി നല്കുന്ന രണ്ടുദാഹരണങ്ങൾ?
13. മരിച്ചവന്റെ കുപ്പായങ്ങൾ അവന്റെ തോലുപോലെയാണെന്നു പറയാൻ കാരണമെന്ത്?
14. ഗോകുൽ എന്ന കഥാപാത്രത്തെക്കുറിച്ച് വായനക്കാരനുണ്ടാകുന്ന ധാരണകൾ സംഗ്രഹിക്കുക?

15. ലിപ്യന്തരണം എന്നാലെന്ത്?

**(5 x 2 = 10 Marks)**

III. ഏതെങ്കിലും അഞ്ചുചോദ്യങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.

16. 'തുറന്ന ജാലക' ത്തിന്റെ പ്രതീകാത്മകത വിശദമാക്കുക?
17. ഭാഷമരിക്കുമ്പോൾ സംഭവിക്കുന്നതെന്തെല്ലാമാണ്?
18. അയ്യങ്കാളിയിൽ തങ്ങളുടെ രക്ഷകനെ അയിത്തജാതിക്കാർ കണ്ടെത്തി - വിശദമാക്കുക?
19. ചാവേറ്റുപടയും മരുമക്കത്തായത്തിന്റെ ഉദ്ഭവവും തമ്മിലുള്ള ബന്ധമെന്താവാമെന്നാണ് ലേഖകന്റെ പക്ഷം?
20. കഥാരചനയ്ക്കു ചാരുതനല്കുന്ന ഘടകങ്ങളെക്കുറിച്ച് സി.രാധാകൃഷ്ണന് പറയാനുള്ള മുഖ്യകാര്യങ്ങൾ സംഗ്രഹിക്കുക?
21. 'ശൈലി എന്ന പദം ഭാഷയിൽ മൂന്നുതലത്തിൽ പ്രസക്തമായിത്തീരുന്നുണ്ട്' –കാരശ്ശേരി പ്രതിപാദിക്കുന്ന മൂന്നുതലങ്ങളേവ?
22. വിഷയം, എഴുത്തുകാരന്റെ വ്യക്തിത്വം എന്നിവ ശൈലിയെ സ്വാധീനിക്കുന്നതെങ്ങനെ?

**(5 x 5 = 25 Marks)**

IV. ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് മൂന്നൂറുവാക്കിൽ കവിയാതെ ഉത്തരമെഴുതുക

23. അക്കിത്തത്തെ കവിയാക്കി വളർത്തിയെടുത്ത ജീവിതസാഹചര്യങ്ങളേവ?
24. കേരളത്തിലെ ആദിമനിവാസികളുടെ സവിശേഷമായ ആചാരാനുഷ്ഠാനങ്ങളെ ക്കുറിച്ച് ഉപന്യസിക്കുക?
25. കാല-ദേശഭേദങ്ങളോടൊപ്പം ജാതിമത രാഷ്ട്രീയസാമ്പത്തികങ്ങളടങ്ങുന്ന നിരവധി കാര്യങ്ങൾ ഭാഷാഭേദങ്ങൾക്ക് നിമിത്തമാകുന്നതെങ്ങനെ? വിശദമാക്കുക?
26. അവർണ്ണരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ അക്ഷീണം പ്രയത്നിച്ച മഹാനായിരുന്ന അയ്യങ്കാളി- വിശദീകരിക്കുക?
27. മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തിsâ പ്രാധാന്യത്തെക്കുറിച്ച് എ). ആർ. രാജരാജവർമ്മ പറയുന്ന കാര്യങ്ങൾ ക്രോഡീകരിക്കുക.
28. 'ആ കൊടുങ്കാറ്റിന്റെ വരവിനെ മുൻകൂട്ടി കണ്ട രാധിക ഭയന്ന് ഓടുകയാണ് ചെയ്തത് പക്ഷേ നീ അങ്ങനെ പേടിക്കുന്നവളല്ല. നീ വസുന്ധരയാണ്'- നോവലിസ്റ്റ് ചിത്രീകരിക്കുന്ന വസുന്ധരയുടെ സമീപനങ്ങളും അനുഭവങ്ങളും വിശകലനം ചെയ്യുക?

**(4 x 10 = 40 Marks)**

*******